File No.DB4/36/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിൽ ഇവ്വൂർ ഗ്രാമപഞ്ചായത്തിലെ ഭവന പദ്ധതി പൂർത്തീകരണം - പ്രോജക്റ്റ് നമ്പർ 232/20ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.653/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/03/2020

---

പരാമർശം:- 1 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25/11/2019ലെ കത്ത്.

2 ലൈഫ് മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്ററുടെ 18/11/2019ലെ 3/life/mpm/2018 നമ്പർ കത്ത്.

3 25/02/2020ലെ സിസി തീരുമാനം നമ്പർ 4.5.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഇവ്വൂർ ഗ്രാമപഞ്ചായത്ത് 2015-16ൽ ബാങ്ക് വായ്പ ഉൾപ്പെടുത്തി 'സാഫല്യം' ഭവന പദ്ധതി എന്ന പേരിൽ പ്രോജക്റ്റ് എടുത്തിരുന്നു. 1,50,000/- രൂപയായിരുന്നു യൂണിറ്റ് നിരക്ക്. ഇതിൽ 13 പേർ വീട് നിർമ്മാണം ആരംഭിച്ചെങ്കിലും ബാങ്ക് ലോൺ ലഭിക്കാത്തതിനാൽ വീട്ടു നിർമ്മാണം ആരംഭിച്ച 13 പേരിൽ 10 പേർ വീട്ടുപണി പൂർത്തീകരിച്ചില്ല. ഇവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം) 1.50 ലക്ഷം രൂപ വീതം ധനസഹായം നൽകുകയും ഇവർ വീട്ടു നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ 3 പേർ ധനസഹായം ലഭിക്കുന്നതിനു മുമ്പ് തന്നെ വീട്ടു പണി പൂർത്തിയാക്കിയിരുന്നു.ആയതിനാൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയില്ല.

2. ഇവർക്ക് 1.00 ലക്ഷം രൂപ വീതം ധനസഹായം നൽകാനുള്ള ഇവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 232/20 നമ്പരായ പ്രോജക്റ്റിന് അനുമതി ലഭ്യമാക്കണമെന്ന പരാമർശം (1)-ലെ മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തും പരാമർശം (2)-ലെ ലൈഫ് മിഷൻ മലപ്പുറം ജില്ലാ കോർഡിനേറ്ററുടെ ശുപാർശയും പരാമർശം (3) പ്രകാരം 25/02/2020-ലെ കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തയ്യാറാക്കിയ ഒരു ഭവന പദ്ധതിയിൽപ്പെട്ടവർ പഞ്ചായത്ത് അറിയിച്ചതനുസരിച്ചാണ് പണി പൂർത്തിയാക്കിയതെന്ന് വിലയിരുത്തി ഇവ്വൂർ പഞ്ചായത്തിന്റെ മേൽ പദ്ധതിക്ക് പ്രത്യേക അനുമതി നൽകുന്നതിന് തീരുമാനിച്ചു.

3. ഈ സാഹചര്യത്തിൽ ഇവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 232/20 നമ്പരായ 3 ലക്ഷം രൂപയുടെ(മൂന്ന് ലക്ഷം രൂപ മാത്രം) മേൽ പ്രോജക്റ്റിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, ഊര്ങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ